"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള ഇൻകെൽ ലിമിറ്റഡ് എന്ന ഏജൻസിയുടെ അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1061/2023/LSGD തീയതി,തിരുവനന്തപുരം, 19-05-2023

പരാമർശം:-

1. സ.ഉ.(എം.എസ്) നം.133/2013/ത.സ്വ.ഭ.വ., തീയതി 30/03/2013
2. സ.ഉ(സാധാ) നം.1159/2013/ത.സ്വ.ഭ.വ., തീയതി 26/04/2013
3. സ.ഉ(സാധാ) നം.2834/2019/ത.സ്വ.ഭ.വ., തീയതി 12/12/2019
4. ഇൻകെൽ ലിമിറ്റഡിന്റെ ജനറൽ മാനേജരുടെ 23/08/2022-ലെ INKEL/RED/LSGD/2022-23/157 നമ്പർ അപേക്ഷ.
5. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 11/05/2023-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സൗരോർജ്ജമേഖലയിൽ അനുവദിച്ച അക്രഡിറ്റേഷൻ കാലാവധി അവസാനിച്ചതിനാൽ പുതുക്കി നല്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഇൻകെൽ ലിമിറ്റഡിന്റെ ജനറൽ മാനേജർ സർക്കാരിലേക്ക് അപേക്ഷ നല്കിയിരുന്നു.

2. ഇൻകെൽ ലിമിറ്റഡിന്റെ അപേക്ഷയിൽ കില ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട്, പരാമർശം (5)-ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സൗരോർജ്ജവുമായി ബന്ധപ്പെട്ട (സ്ഥാപനം, അറ്റകുറ്റപ്പണി) മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിനായി ഇൻകെൽ ലിമിറ്റഡിന് പരാമർശം (3) പ്രകാരം അനുവദിച്ചിരുന്ന അക്രഡിറ്റേഷന്റെ കാലാവധി അവസാനിച്ച 12/12/2022 തീയതി മുതൽ മൂന്ന് വർഷത്തേക്ക് കൂടി പരാമർശം (1) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കി നല്കിക്കൊണ്ട് ഉത്തരവാകുന്നു. ഏജൻസി ശേഷിക്കധികരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്.
ഗ്രാമവികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, കില, തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ജനറൽ മാനേജർ, ഇൻകെൽ ലിമിറ്റഡ്, പോസ്റ്റ് ഓഫീസ് റോഡ്, കാക്കനാട്, കൊച്ചി, 682030.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (E-2311721)

ഉത്തരവിൻ പ്രകാരം,

Signed by
Manju.l.s.
Date: 19-05-2023 16:50:20
സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്.